**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 600** **10-02-2025 - ൽ മറുപടിയ്ക്ക്**

**പരമ്പരാഗത വ്യവസായമേഖലകളിലെ വേതന വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി, ഖാദി, കൈത്തറി മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് ദിവസവേതനത്തിൽ എത്ര രൂപയുടെ വർദ്ധനവ് ഉറപ്പ് വരുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | ഖാദി മേഖലയിൽ അഖിലേന്ത്യാ ഖാദി കമ്മീഷൻ അംഗീകരിച്ച് പുറപ്പെടുവിക്കുന്ന കോസ്റ്റ് ചാർട്ട് അടിസ്ഥാനമാക്കിയാണ് ഖാദി മേഖലയിൽ തൊഴിലാളികൾക്ക് കൂലി നിശ്ചയിക്കുന്നത്. ഖാദി നൂൽപ്പ്, നെയ്ത്ത് തൊഴിലാളികൾക്ക് അവരുടെ ഉൽപ്പാദനത്തിന് അനുസൃതമായി ഓരോ വെറൈറ്റിക്കും വ്യത്യസ്ഥമായ രീതിയിലാണ് കൂലി കണക്കാക്കുന്നത്. പ്രസ്തുത വകയിൽ ദിവസ ടാർജറ്റ് പൂർത്തിയാക്കുന്ന സ്പിന്നിംഗ് തൊഴിലാളിക്ക് ഒരു ദിവസം 487/- (നാനൂറ്റി എൺപത്തിയേഴ് രൂപ) വീവിംഗ് തൊഴിലാളിക്ക് 530/- (അഞ്ഞൂറ്റി മുപ്പത് രൂപ) കേരള സർക്കാരിന്റെ മിനിമം വേതനം ഉൾപ്പെടെ നിലവിലെ കോസ്റ്റ് ചാർട്ട് പ്രകാരം ലഭിക്കുന്നുണ്ട്. കൂടാതെ സ്പിന്നിംഗ് തൊഴിലാളിക്ക് ഒരു കഴി നൂല് ഉൽപ്പാദിപ്പിക്കുന്നതിന് 60 പൈസ നിരക്കിലും നെയ്ത്ത് തൊഴിലാളിക്ക് ഒരു മീറ്റർ നെയ്യുന്നതിന് 1.80 പൈസ നിരക്കിലും ഇൻസെന്റീവ് ലഭിക്കുന്നു. 2025 ജനുവരി മുതൽ കോസ്റ്റ് ചാർജ് പുതുക്കി കൂലി വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ നൂൽപ്പ് തൊഴിലാളിക്ക് 25 ശതമാനവും നെയ്ത്ത് തൊഴിലാളിക്ക് 7 ശതമാനവും വർദ്ധനവ് ഉണ്ടായിട്ടുണ്ട്.<br><br>കയർ ഫാക്ടറി തൊഴിലാളികളുടെ വേതന നിർണ്ണയവുമായി ബന്ധപ്പെട്ട് വർഷങ്ങളായി പരിഹരിക്കപ്പെടാതെ കിടന്നിരുന്ന അശാസ്ത്രീയമായ കൂലി നിർണ്ണയം മാറ്റാനും ഇതുവഴി ഏകീകൃത DA ഘടന നടപ്പാക്കാനും, നിലവിലുള്ള കൂലിയിൽ പ്രതിദിനം 9% വർദ്ധനവ് വരുത്താനും ഈ സർക്കാരിന് സാധിച്ചു. ഇതോടെ കയർ ഫാക്ടറി തൊഴിലാളികളുടെ അടിസ്ഥാന ശമ്പളവും DA യും ചേർന്ന് 748.11 രൂപയായിരുന്നത് 9% വർദ്ധനവ് വരുത്തി 815.44 രൂപയായി മാറ്റിയിട്ടുണ്ട്.<br><br>പരമ്പരാഗത കയർ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കുന്നതിനായി ഇൻകം സപ്പോർട്ട് പദ്ധതി വഴി സർക്കാർ വിഹിതം നൽകി വരുന്നുണ്ട്. കയർ മേഖലയിൽ തൊഴിലവസരങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിന് കയർ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം, മാനേജീരിയൽ സബ്സിഡി , പ്രൊഡക്ഷൻ ആന്റ് മാർക്കറ്റിംഗ് ഇൻസെന്റീവ് എന്നീ പദ്ധതികളിൽ ധനസഹായം നൽകി വരുന്നുണ്ട്.പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയിൽ ഹാന്റക്സിലെ കൈത്തറി തൊഴിലാളികൾക്ക് 2022ൽ കൂലിയിനത്തിൽ 30% തുക വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ കോഴിക്കോട് ജില്ലയിൽ കൈത്തറി തൊഴിലാളികൾക്ക് ശരാശരി 47 രൂപയുടെ വേതന വർദ്ധനവ് നടത്തിയിട്ടുണ്ട്. തൊഴിലാളികൾക്ക് അവർ ജോലി ചെയ്തെടുക്കുന്ന തുണിയുടെ അളവ് അനുസരിച്ചുള്ള വേതനമാണ് ലഭിക്കുന്നത് |

നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കശുവണ്ടി തൊഴിലാളികളുടെ മിനിമം വേജസ് പുതുക്കി 09.02.2024 തീയതിയിൽ ഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇപ്രകാരം 23% കൂലി വർദ്ധനവ് ആണ് കശുവണ്ടി മേഖലയിൽ നടപ്പാക്കിയിട്ടുള്ളത്. വിവിധ സെക്ഷനുകളിൽ വർദ്ധിപ്പിച്ച് നൽകിയിട്ടുള്ള കൂലി നിരക്കുകൾ ചുവടെ പറയും പ്രകാരമാണ്.

| സെക്ഷൻ | നിലവിലുണ്ടായിരുന്ന കൂലി | വർദ്ധിപ്പിച്ച് നൽകിയത് |
|---|---|---|
| ഷെല്ലിംഗ് | 36.19 (1 KG) | 54.79 (1 KG) |
| പീലിംഗ് | 46.03 (1 KG) | 69.71 (1 KG) |
| പീലിംഗ് (തല്ല് പൊടി) | 31.63 (1 KG) | 47.90 (1 KG) |
| മെക്കനൈസ്ഡ് പീലിംഗ് | | 16.82 (1 KG) |
| ഗ്രേഡിംഗ് | 285 | 422.55 |
| വിവിധയിനം മെക്കാട്ടുകൾ | 291.71 | 430.85 |
| ജനറൽ മൈക്കാട് | 312 | 455.76 |
| ഹെഡ്‌ലോഡ് വർക്കർ | 345.75 | 497.27 |

പ്രതിദിനം 21.06/- രൂപ നിരക്കിൽ ഡി.എ യും ഇതോടൊന്നിച്ച് ലഭിക്കുന്നതാണ്.ചെയ്യുന്ന ജോലിയുടെ അളവനുസരിച്ചാണ് (പീസ് റേറ്റ്) വേതനം കണക്കാക്കുന്നത്. കൂടുതൽ അളവിൽ ജോലി ചെയ്യുന്നവർക്ക് കൂടുതൽ വേതനം ലഭിക്കുന്നുണ്ട്

സംസ്ഥാനത്ത് പരമ്പരാഗത തൊഴിൽ മേഖലയായ കയർ, ഫിഷറീസ്, കൈത്തറി, ഖാദി, ഈറ്റ, പനമ്പ്, ബിഡി & സിഗർ എന്നീ മേഖലയിൽ തൊഴിലാളികൾക്ക് വർഷത്തിൽ 100 ദിവസമെങ്കിലും നിശ്ചയിക്കപ്പെട്ട മിനിമം കൂലി വരുമാനമായി ലഭിക്കത്തക്കവിധത്തിൽ യഥാർത്ഥത്തിൽ ലഭിക്കുന്ന വരുമാനവുമായുള്ള അന്തരം കണക്കാക്കി കുറഞ്ഞത് 1250 രൂപ ഒരു തൊഴിലാളിക്ക് സാമ്പത്തിക സഹായമായി ഇൻകം സപ്പോർട്ട് സ്കീം തൊഴിൽ വകുപ്പ് മുഖേന അനുവദിച്ച വരുന്നുണ്ട്.

(ബി) പരമ്പരാഗത വ്യവസായ മേഖലയിൽ പുതുതായി എത്ര തൊഴിൽ ദിനങ്ങളും തൊഴിലാളികളുടെ എണ്ണവും അധികമായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നും അറിയിക്കാമോ?

(ബി) ഖാദി മേഖലയിലുള്ള 12,500 ഓളം തൊഴിലാളികൾക്ക് വർഷത്തിൽ 280 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കിക്കൊണ്ട് പ്രസ്തുത മേഖലയിലുള്ള തൊഴിലാളികളെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൈത്തറി മേഖലയിൽ 18732 തൊഴിൽ ദിനങ്ങളും 20 തൊഴിലാളികളുടെ എണ്ണവും അധികമായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്

കയർ മേഖലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശരാശരി ഒരു വർഷം 60 ലക്ഷം ചതുരശ്ര മീറ്റർ കയർ ഭൂവസ്ത്രം ഉല്പാദനം നടത്തിയതിലൂടെ ചകിരി ഉല്പാദന മേഖല, കയർപിരി മേഖല, ഉല്പാദന മേഖല എന്നിവയിലാകെ പുതുതായി 3200ഓളം തൊഴിവസരം ഉണ്ടാക്കിയിട്ടുണ്ട്. കൂടാതെ പരമ്പരാഗത കയർപിരി മേഖലയിൽ 18845 തൊഴിലാളികൾ

| | | | |
|---|---|---|---|
| | | | തൊഴിലിൽ ഏർപ്പെടുകയും വരുമാനം ഉറപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം ഉൾപ്പെടെ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഒറീസയിലെ മെ.ഗീത മൊഹന്തി ഖനിയിൽ ഭൂവസ്ത്രം ഉപയോഗിച്ചുള്ള ഒരു പൈലറ്റ് പ്രോജക്ട് നടപ്പാക്കുന്നതു വഴി 10000ത്തോളം പുതിയ തൊഴിൽ ദിനങ്ങൾ കയർ മേഖലയിൽ സൃഷ്ടിക്കാൻ സാധിച്ചു. വിപണന മൂല്യമുള്ള വൈവിധ്യമാർന്ന ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം കയർ തൊഴിലാളികൾക്ക് നൽകിയത് വഴി ഉല്പന്നമേഖലയിൽ ഇതുവരെ 5000 ത്തോളം പുതിയ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.<br><br>കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 5471 പേർ പുതുതായി അംഗത്വം എടുത്തിട്ടുണ്ട്<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനമായ കശുവണ്ടി വികസന കോർപ്പറേഷനിൽ 561 തൊഴിലാളികളെ നിയമിച്ചിട്ടുണ്ട്.കശുവണ്ടി വ്യവസായത്തിൽ പ്രവർത്തിക്കുന്ന കാപ്പെക്സ് നിലവിലെ സർക്കാർ വന്നശേഷം തൊഴിൽ നഷ്ടപ്പെട്ട സ്വകാര്യ മേഖലയിലെ 250 തൊഴിലാളികളെ വിവിധ സെക്ഷനുകളിൽ നിയമിക്കുകയുണ്ടായി.<br><br>തൊഴിൽ വകുപ്പിനു കീഴിൽ വരുന്ന കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ 55,204 അംഗങ്ങളും കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ 10,214 അംഗങ്ങളുമാണ് നിലവിലുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ 2055 പേരും കേരള കൈത്തറി ക്ഷേമനിധി ബോർഡിൽ 659 പേരും പുതുതായി അംഗത്വം എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ